(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തി എന്നത്തേക്ക് ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളാണ് നടത്തുന്നത് ?

ഉത്തരം

(എ & ബി) കെ.പി.എച്ച്.സി.സി.യുടെ കൊല്ലം ജില്ലാ പ്രോജക്ട് എഞ്ചിനീയർക്ക് എഴുകോൺ സ്ഥലം സന്ദർശിക്കുവാനും അതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാനും KPHCC ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2014-2015 MoPF Scheme ൽ ഉൾപ്പെടുത്തി പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

ക്രിമിനൽ കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ

215 (216) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകൾ പിൻവലിക്കാൻ, സർക്കാർ കോടതികളോടഭ്യർത്ഥിക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) കേസുകൾ പിൻവലിച്ചുകിട്ടുന്നതിനുള്ള ഹർജികളിൽ തീരുമാനം കൈകൊള്ളുന്നതിനു സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) ഒന്നിലധികം ആളുകൾ പ്രതിയാകുന്ന ക്രിമിനൽ കേസുകളിൽ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടാൽ എല്ലാവരുടെയും പേരിലുള്ള കേസുകൾ പിൻവലിക്കാറുണ്ടോ ; എങ്കിൽ ഇപ്രകാരം ചെയ്യുന്നത് സർക്കാർ നിലപാടാണോ ; പ്രസ്തുത നടപടി മൂലം നിരപരാധികളെ വെറുതെ വിട്ടുകൊണ്ട് കുറ്റവാളികളെ ശിക്ഷിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയും കുറ്റവാളികളെ നിയമവിരുദ്ധമായി രക്ഷപ്പെടുത്തുകയും ചെയ്യുകയാണെന്നറിയാമോ ;

(ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ക്രിമിനൽ, വിജിലൻസ് കേസുകളുടെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം.

(ബി) 27-1-2005 20882/എൽ1/02/ആഭ്യന്തരം നമ്പർ സർക്കുലറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാരിൽ ലഭിക്കുന്ന ഹർജികളിന്മേൽ തീരുമാനം കൈകൊള്ളുന്നത്.

(സി) വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് തന്റെ വിവേചനാധികാരമുപയോഗിച്ച് ഒരു തീരുമാനം കൈകൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ സർക്കാരോ പ്രോസിക്യൂട്ടറോ, കോടതിയോ, ഒരു പ്രതിയോ, എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ, നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. അപ്രകാരം ഒരു പരിശോധനയ്ക്ക് നിയമം അനുശാസിക്കുന്നുമില്ല.

(ഡി) ഈ സർക്കാർ കേസ് പിൻവലിക്കാൻ സമ്മതപത്രം നൽകിയ ക്രിമിനൽ കേസുകളുടെ എണ്ണം 4718-ഉം, വിജിലൻസ് കേസുകളുടെ എണ്ണം 11-ഉം ആണ്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

216 (217) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവ, റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് പോലുള്ള സ്ഥാപനങ്ങൾ, ഇടപാടുകാരിൽനിന്ന് അമിതമായ പലിശ ഈടാക്കുന്നു എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) മോട്ടോർ വാഹനങ്ങൾക്ക് സാമ്പത്തിക വായ്പ നൽകുന്ന സ്ഥാപനങ്ങൾ കൊള്ളപ്പലിശ ഈടാക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?